# 2022 -ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

1989-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1989-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 2-ാം വകുപ്പിന്റെ ഭേദഗതി.—1989-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ (1989-ലെ 19) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 2-ാം വകുപ്പിൽ, (എ) ഖണ്ഡത്തിൽ "കുപ്പിയിൽ നിറയ്ക്കൽ," എന്ന വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "ലേബൽ ഒട്ടിക്കൽ, വെയർ ഹൗസുകളിലോ മൊത്ത വിൽപനശാലകളിലോ ബാറുകളിലോ ക്ലബ്ബുകളിലോ " എന്ന വാക്കുകളും ചിഹ്നവും ചേർക്കേണ്ടതാണ്.

3. 3 എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 3-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"3 എ. അബ്കാരിത്തൊഴിലാളി അംഗങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കൽ.—(1) അബ്കാരിത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായി ചേർക്കപ്പെടുന്ന തൊഴിലാളികളുടെ ഒരു രജിസ്റ്റർ തൊഴിലുടമയുടെ പേര് സൂചിപ്പിച്ചുകൊണ്ട് ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ സൂക്ഷിക്കേണ്ടതാണ്.

KNPP. 1650/2022.

(2) അബ്കാരിത്തൊഴിലാളി ക്ഷേമനിധിയിൽ ഓരോ വർഷവും അംഗത്വം നേടിയവരുടെയും അംഗത്വത്തിൽ നിന്ന് നീക്കം ചെയ്യപ്പെട്ടവരുടെയും പേരും വിശദാംശങ്ങളും അടങ്ങുന്ന ഒരു ലിസ്റ്റ് ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ ഓരോ വർഷവും മാർച്ച് 31-ാം തീയതിക്ക് മുൻപായി പൊതു അറിവിലേയ്ക്കും ആക്ഷേപമുണ്ടെങ്കിൽ രേഖപ്പെടുത്തുന്നതിനുമായി അദ്ദേഹത്തിന്റെ ആഫീസിലെയും അതിനു താഴെയുള്ള മറ്റെല്ലാ ആഫീസുകളിലെയും നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ച ലിസ്റ്റ് സംബന്ധിച്ചുള്ള ഏതെങ്കിലും ആക്ഷേപം, പ്രസ്തുത ലിസ്റ്റ് പ്രസിദ്ധീകരിച്ച് മുപ്പത് ദിവസത്തിനുള്ളിൽ ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ മുൻപാകെ സമർപ്പിക്കാവുന്നതാണ്.

(4) ചീഫ് വെൽഫയർ ഫണ്ട് ഇൻസ്പെക്ടർ എല്ലാ ആക്ഷേപങ്ങളും ബോർഡിന്റെ ചെയർമാൻ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

(5) ബോർഡിന്റെ ചെയർമാൻ ആക്ഷേപങ്ങൾ പരിഗണിക്കേണ്ടതും, ബാധിക്കപ്പെട്ട ആളുകൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയതിന് ശേഷം തീരുമാനം കൈക്കൊള്ളേണ്ടതും, തീരുമാനത്തിന് അനുസൃതമായി ലിസ്റ്റിൽ തിരുത്തൽ വരുത്തേണ്ടതുമാണ്.".

4. <u>4-ാം വകുപ്പിനുള്ള ഭേദഗതി.</u>—(1) പ്രധാന ആക്റ്റിലെ 4-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) നിധിയിലേക്ക് തൊഴിലുടമ നൽകേണ്ട അംശദായം ഓരോ അബ്കാരിത്തൊഴിലാളിക്കും തത്സമയം നൽകുന്ന വേതനത്തിന്റെ പത്ത് ശതമാന മായിരിക്കേണ്ടതും അബ്കാരിത്തൊഴിലാളിയുടെ അംശദായം അബ്കാരിത്തൊഴിലാളിയുടെ പ്രതിമാസ വേതനത്തിന്റെ പതിനൊന്നര ശതമാനം ആയിരിക്കേണ്ടതുമാണ്.";

(2) (2)-ാം ഉപവകുപ്പിൽ "അഞ്ചു ശതമാനത്തിന്" എന്ന വാക്കുകൾക്ക് പകരം "ഏഴ് ശതമാനത്തിന്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.